"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

തീയതി : 01-03-2025

## സർക്കുലർ നം .4

വിഷയം :- ജയിലുകൾ- ജയിൽ ആസ്ഥാനകാര്യാലയം- അക്കൌണ്ട്സ് വിഭാഗം- ബഡ്ജറ്റ് എസ്റ്റിമേറ്റ് 2024-25- ഫൈനലൈസേഷൻ ഓഫ് അക്കൌണ്ട്സ്-സംബന്ധിച്ച് .

ജയിൽ സ്ഥാപനങ്ങളിൽ നിന്നുമുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ 2024-25 സാമ്പത്തിക വർഷം ഫെബ്രുവരി മാസം വരെ വിവിധ നോൺ-പ്ലാൻ ശീർഷകങ്ങളിൽ ഫണ്ട് ലഭ്യത അനുസരിച്ച് അലോട്ട്മെന്റ് പാസ്സാക്കി നൽകിയിട്ടുണ്ട്. ചില ശീർഷകങ്ങളിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം ഏകദേശം പൂർണ്ണമായും വിനിയോഗിച്ചു കഴിഞ്ഞതിനാൽ അഡീഷണൽ ഫണ്ടിനായി സർക്കാരിൽ പ്രൊപ്പോസലുകൾ സമർപ്പിച്ചിരിക്കുകയാണ്. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ടി ശീർഷകങ്ങളിൽ അലോട്ട്മെന്റ് അനുവദിക്കുന്നതാണ്.

നടപ്പു സാമ്പത്തിക വർഷം അവസാനിക്കാറായ സാഹചര്യത്തിൽ ഇതുവരെ ലഭിച്ചിട്ടുള്ള അലോട്ട്മെന്റ് പ്രകാരമുള്ള ബില്ലുകൾ എത്രയും വേഗം ട്രഷറിയിൽ സമർപ്പിച്ച് 04.03.2025 തീയതിക്കകം ഫണ്ട് ചെലവഴിക്കേണ്ടതും, ഏതെങ്കിലും നോൺ പ്ലാൻ ശീർഷകത്തിൽ ലഭിച്ച അലോട്ട്മെന്റ് തുകകൾ ചെലവാകാതെ ബാക്കിയുണ്ടെങ്കിൽ പ്രസ്തുത തുക 05.03.2025 തീയതിയ്ക്കകം ബിംസ്/ബാംസ് മുഖേന സറണ്ടർ ചെയ്യേണ്ടതുമാണ്. പ്രസ്തുത വിവരങ്ങൾ താഴെയുള്ള പ്രൊഫോർമയിൽ ജയിൽ സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തി 06.03.2025 തീയതിയ്ക്കകം റിപ്പോർട്ട് ചെയ്യുവാൻ നിർദ്ദേശിക്കുന്നു. **2025 മാർച്ച് മാസത്തേയ്ക്ക് ആവശ്യമുള്ള അലോട്ട്മെന്റ് തുകകൾ ടി പ്രൊഫോർമയിൽ രേഖപ്പെടുത്തേണ്ടതാണ്. ഇതിനായി പ്രത്യേകം അലോട്ട്മെന്റ് റിക്വസ്റ്റ് സമർപ്പിക്കേണ്ടതില്ല എന്നും അറിയിയ്ക്കുന്നു.**

| ശീർഷകം | 2024-25 സാമ്പത്തിക വർഷം ലഭിച്ച ആകെ അലോട്ട്മെന്റ് | ചെലവായ തുക | ബാലൻസ് | സറണ്ടർ ചെയ്യുന്ന തുക | മാർച്ച് മാസത്തേയ്ക്ക് ആവശ്യമുള്ള അലോട്ട്മെന്റ് തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| | | | | | | |

2024-25 സാമ്പത്തിക വർഷം അലോട്ട്മെന്റ് ലഭിച്ച എല്ലാ ശീർഷകവും മേൽപ്പറഞ്ഞ പട്ടികയിൽ ഉൾക്കൊള്ളിക്കേണ്ടതാണ്. ട്രഷറിയിൽ ബില്ലുകൾ സമർപ്പിച്ചിരിക്കുന്ന തുകകൾ കഴിച്ച് അതാത് ശീർഷകങ്ങളിൽ ബാലൻസുള്ള തുകകൾ സറണ്ടർ ചെയ്യേണ്ടതാണ്. വെൽഫയർ ഓഫ് പ്രിസണേഴ്സ്, മോഡണൈസേഷൻ ഓഫ് പ്രിസൺസ് തുടങ്ങിയ പ്ലാൻ ശീർഷകങ്ങളിലും, 17-ചെറുകിട മരാമത്ത് പണികൾ, 99-ഇൻഫൊർമേഷൻ ടെക്നോളജി എന്നീ നോൺ-പ്ലാൻ ശീർഷകങ്ങളിലും ഉത്തരവുകൾ പ്രകാരം അനുവദിച്ചിട്ടുള്ള ഫണ്ടുകൾ നിലവിൽ സറണ്ടർ ചെയ്യേണ്ടതില്ല (ആയത് ആസ്ഥാനകാര്യാലയത്തിലെ പ്ലാനിംഗ് സെക്ഷനുമായി ബന്ധപ്പെട്ടതിനു ശേഷം മാത്രം സറണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്). കൂടാതെ, **2025 മാർച്ച് മാസത്തേയ്ക്ക് ആവശ്യമായ തുകകൾ (Actual amount) മാത്രമേ അലോട്ട്മെന്റ് അപേക്ഷയിൽ ഉൾപ്പെടുത്താൻ പാടുള്ളൂവെന്നും കർശനമായി നിർദേശിക്കുന്നു.**

മുകളിൽ പരാമർശിച്ചിരിക്കുന്ന നിർദേശങ്ങൾ നടപ്പിലാക്കുന്നതിൽ സ്ഥാപനമേധാവികൾ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

വിനോദ് കുമാർ എം കെ
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ് വേണ്ടി

സ്വീകർത്താവ്: എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും